www.gospelinmalayalam.com

# CHAPTER - 1

1:1,2 ഈ ലേഖനം എഴുതാൻ **പരിശുദ്ധാത്മാവ്** inspire ചെയ്തത് വി. പൗലൂസിനെയാണ്.

2 Thess 2:5 *നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ തന്നേ ഞാൻ ഇതു നിങ്ങളോടു പറഞ്ഞു എന്നു ഓർക്കുന്നില്ലയോ?*

2 Thess 3:17 *പൌലൊസായ എന്റെ കയ്യാൽ വന്ദനം; സകല ലേഖനത്തിലും ഇതുതന്നേ അടയാളം; ഇങ്ങനെ ഞാൻ എഴുതുന്നു.*

എന്നാൽ 1:1ൽ പൗലൂസ് തന്റെ കൂട്ടുവേലക്കാരുടെ പേര് ഉൾക്കൊള്ളിക്കാൻ മറക്കുന്നില്ല - സില്വാനൊസും തിമൊഥെയൊസും. തിമോഥിയാണെങ്കിൽ തികച്ചും youngster. മുതിർന്ന അപ്പോസ്തലൻ തന്റെ പിൻഗാമികൾക്ക് തക്ക importance കൊടുക്കുന്ന കാഴ്ച ഈ കാലത്തെ സഭാ നേതാക്കൾക്ക് ഒരു മാതൃകയാകട്ടെ.

"പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും" പുതിയ നിയമത്തിൽ എമ്പാടും ഈ terminology നമുക്കു കാണാം. പുത്രനെ, ക്രിസ്തുവിനെ, പിതാവാം ദൈവത്തോടൊത്ത് equal importance ൽ സംബോധന ചെയ്യുന്നു.

Math 6:9 *നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;*

കർത്താവും ഈ കാര്യം വെളിപ്പെടുത്തി.

ദൈവസഭയുടെ അംഗങ്ങൾ വിശ്വാസത്താൽ ക്രിസ്തുവിനോട് ചേരുന്നു. അങ്ങനെ ദൈവമക്കൾ ആയിത്തീർന്നിരിക്കുന്നു.

Grace and Peace - കൃപയും സമാധാനവും - ധാരാളമായി പ്രാപിക്കട്ടെ എന്ന് വി. പൗലൂസ് പ്രാർത്ഥിക്കുന്നു.

**Grace** കൃപ - It is God's riches at Christ's expense.

1. പുത്രനെ തകർത്ത് മനുഷ്യനെ ദൈവകൃപയുടെ അവകാശികളാക്കി.
2. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന ഓരോ വ്യക്തിയും ഈ കൃപയുടെ അംശികളായിത്തീരുന്നു.
3. ദൈവം മനുഷ്യന് അവൻ അർഹിക്കുന്നതിന്റെ opposite ആയതിനെ കൊടുക്കുന്നു. Man receives what he does not deserve.
4. He recives blessing instead of judgement. ഇതാണ് Grace, ഇതാണ് കൃപ.

**Peace** ഇത് ദൈവവുമായുള്ള സമാധാനമാണ്. ഞാൻ പാപിയായിരുന്നപ്പോഴും ദൈവവുമായി ശത്രുത നിലനിന്നു. ഞാൻ വീണ്ടെടുക്കപ്പെടുമ്പോൾ, ക്രിസ്തുവിന്റെ മരണത്തിലൂടെ പാപിയായിരുന്ന എന്നെ ദൈവവുമായി നിരപ്പിച്ചു. എന്റെ ശിക്ഷ യേശു ഏറ്റു.

നാം ഓരോരുത്തരെയും ദൈവവുമായി സമാധാനത്തിൽ ആക്കിത്തീർത്തു.

fleettech@gmail.com

www.gospelinmalayalam.com

ക്രിസ്തുവിൻ മരണത്താൽ നമുക്കു ദൈവവുമയി സമാധാനം. ക്രിസ്തുവിന്റെ മധ്യസ്ഥതയിലൂടെ നമുക്ക് സമാധാനം അധികമധികമായി വർദ്ധിച്ചു വരുന്നു.

സംഘർഷങ്ങളുടെ മധ്യത്തിൽ, സങ്കടങ്ങളുടെ മധ്യത്തിൽ നമുക്ക് സമാധാനം നൽകുവാൻ കർത്താവിന് കഴിയും.

തെസ്സലോനിക്യയിലെ വിശ്വാസികൾ പൂർണ്ണ സമാധാനം അനുഭവിക്കട്ടെയെന്ന് അപ്പോസ്തലൻ പ്രാർത്ഥിക്കുകയാണ്.

**2Thes 1:3-4 Thanks giving for growth.**

## Faith

തെസ്സലോനിക്യർ വിശ്വാസത്തിൽ വളർന്നതുകൊണ്ട് വിശുദ്ധ പൗലോസ് സന്തോഷിക്കുന്നു. ദൈവത്തിന് സ്തോത്രം കരേറ്റുന്നു.

വിശ്വാസം വർദ്ധിക്കുന്നു. ഓരോ വിശ്വാസിയും വിശ്വാസത്തിൽ വളരണം.

Faith : ഇത് static അല്ല. ഒരു steady state ൽ നിൽക്കുകയല്ല. ഇന്ന് ഉള്ളതിലും വിശ്വാസം നാളെ വർദ്ധിക്കണം. നാം പ്രായം വർദ്ധിക്കും പോലെ വിശ്വാസത്തിലും വളർച്ച പ്രാപിക്കണം.

ഇന്നലെ ദൈവത്തിൽ ആശ്രയിച്ചതിനെക്കാൾ അധികം ഇന്ന് ആശ്രയിക്കണം. ഇന്നത്തെക്കാളധികം നാളെ.

A growing faith indicates a growing Christian

## Love

ആളാം പ്രതി അന്യോന്യസ്നേഹം പെരുകി: ദൈവവുമായി സമാധാനം ഉള്ള വ്യക്തി, വിശ്വാസത്തിൽ അനുദിനം വളരുന്ന വ്യക്തി, തന്റെ മറ്റുള്ള വിശ്വാസികളുമായുള്ള ബന്ധത്തിലും ഇതിന്റെ മാറ്റൊലി കാണണം.

Genuine faith in God is always accompanied by Love for others.

James. 2:14-17 *സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ? ഒരു സഹോദരനോ, സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്ത വരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു: സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷെക്കു ആവശ്യമുള്ളതു അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്തു? അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു.*

Faith is the root - Love is the fruit

1 Thess 3:12 ൽ പൗലൂസ് പ്രാർത്ഥിച്ചു.

2 Thess 1:3 ൽ തെസ്സലോനിക്യയിൽ സ്നേഹം പെരുകിയത് വി. പൗലൂസ് കണ്ടു.

വിശ്വാസം വർദ്ധിച്ചു, സ്നേഹം പെരുകി

fleettech@gmail.com

www.gospelinmalayalam.com

1Thes 3:12,13 *എന്നാൽ ഞങ്ങൾക്കു നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ കർത്താവു നിങ്ങൾക്കു തമ്മിലും എല്ലാവരോടുമുള്ള സ്നേഹം വർദ്ധിപ്പിച്ചു കവിയുമാറാക്കുകയും, ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകലവിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.*

2Thes 1:3 *സഹോദരന്മാരേ, നിങ്ങളുടെ വിശ്വാസം ഏറ്റവും വർദ്ധിച്ചും ആളാംപ്രതി നിങ്ങൾക്കു എല്ലാവർക്കും അന്യോന്യം സ്നേഹം പെരുകിയും വരികയാൽ ഞങ്ങൾ യോഗ്യമാകുംവണ്ണം ദൈവത്തിന്നു എപ്പോഴും നിങ്ങളെക്കുറിച്ചു സ്തോത്രം ചെയ്‌വാൻ കടമ്പെട്ടിരിക്കുന്നു.*

തെസ്സലോനിയൻ Church നമുക്കും മാതൃകയാകട്ടെ

1:4 സഹിഷ്ണത - Perseverance :

1Thes 1:3 *നമ്മുടെ കർത്താവായ യേശുകിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു ഞങ്ങൾ നിങ്ങൾക്കെല്ലാവർക്കും വേണ്ടി എപ്പോഴും ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.*

2Thes 3:5 *കർത്താവു താൻ നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ സഹിഷ്ണതയിലേക്കും തിരിക്കുമാറാകട്ടെ.*

പീഢനങ്ങളുടെ നടുവിൽ തെസ്സലോനിയൻ സഭ കാണിച്ച സഹിഷ്ണത അ. പൗലൂസ് മറ്റുള്ള സഭകൾക്ക് മാതൃകയായി കണ്ടു.

അവർ സാഹചര്യങ്ങളെ പഴിച്ചില്ല. സകല പീഢകളെയും ദൈവത്തിലുള്ള അത്യന്ത വിശ്വാസത്തിലും, പരസ്പരമുള്ള സ്നേഹത്തിലും ക്ഷമയോടെ സഹിച്ചു.

അവർ സ്വന്തം ശക്തിയിൽ ആശ്രയിച്ചില്ല. ദൈവശക്തിക്കായി പ്രാർത്ഥിച്ചു.

1Thes 3:3-4 *കഷ്ടം അനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ തന്നേ അറിയുന്നുവല്ലോ. നാം കഷ്ടമനുഭവിക്കേണ്ടിവരും എന്നു ഞങ്ങൾ നിങ്ങളോടു കൂടെ ഇരുന്നപ്പോൾ മുമ്പുകൂട്ടി പറഞ്ഞിട്ടുമുണ്ടു; അവ്വണ്ണം തന്നേ സംഭവിച്ചു എന്നു നിങ്ങൾ അറിയുന്നു.*

2 Thes 1:6-7 *കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ...........*

1Thes 1:6 *ബഹുകഷ്ടം സഹിക്കേണ്ടിവന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ടു ഞങ്ങൾക്കും കർത്താവിന്നും അനുകാരികളായി ത്തീർന്നു.*

1Thes 2:14 *സഹോദരന്മാരേ, യെഹൂദ്യയിൽ ക്രിസ്തുയേശുവിലുള്ള ദൈവസഭകൾക്കു*

fleettech@gmail.com

www.gospelinmalayalam.com

*നിങ്ങൾ അനുകാരികളായിത്തീർന്നു. അവർ യെഹൂദരാൽ അനുഭവിച്ചതു തന്നേ നിങ്ങളും സ്വജാതിക്കാരാൽ അനുഭവിച്ചുവല്ലോ.*

Acts 17:5-9 *യെഹൂദന്മാരോ അസൂയപൂണ്ടു, മിനക്കെട്ടുനടക്കുന്ന ചില ദുഷ്ടന്മാരെ ചേർത്തു പുരുഷാരത്തെ ഇളക്കി പട്ടണത്തിൽ കലഹം ഉണ്ടാക്കി യാസോന്റെ വീടു വളഞ്ഞു അവരെ ജനസമൂഹത്തിൽ കൊണ്ടുവരുവാൻ ശ്രമിച്ചു. അവരെ കാണാഞ്ഞിട്ടു യാസോനെയും ചില സഹോദരന്മാരെയും നഗരാധിപന്മാരുടെ അടുക്കലേക്കു ഇഴെച്ചുകൊണ്ടു: ഭൂലോകത്തെ കലഹിപ്പിച്ചവർ ഇവിടെയും എത്തി; യാസോൻ അവരെ കൈക്കൊണ്ടും ഇരിക്കുന്നു; അവർ ഒക്കെയും യേശു എന്ന മറ്റൊരുവൻ രാജാവു എന്നു പറഞ്ഞുകൊണ്ടു കൈസരുടെ നിയമങ്ങൾക്കു പ്രതികൂലമായി പ്രവർത്തിക്കുന്നു എന്നു നിലവിളിച്ചു. ഇതു കേട്ടിട്ടു പുരുഷാരവും നഗരാധിപന്മാരും ഭ്രമിച്ചു. യാസോൻ മുതലായവരോടു ജാമ്യം വാങ്ങി അവരെ വിട്ടയച്ചു.*

തെസ്സലോനിക്യസഭ കടന്നു പോയ പീഢനം, പരീക്ഷണം അതി വിപുലമായിരുന്നു. അവർ അതിലെല്ലാം നിലനിന്നു, ശക്തി പ്രാപിച്ചു. They remained stable in faith.

<u>Encouragement to Persevere 1:5-10</u>

1:5 കഷ്ടങ്ങളിൽ പതറാതെ നിലനിൽക്കാൻ ദൈവം കൃപ ചെയ്തു. ദൈവത്തിന്റെ കൃപയാണ് തെസ്സലോനിക്യരെ നിലനിർത്തുന്നത്. എങ്കിൽ അത് അവർ ദൈവരാജ്യത്തിന് യോഗ്യർ എന്നു കൂടെ ഉറപ്പാക്കുന്നു.

കഷ്ടത സഹിച്ചതിനാൽ ദൈവരാജ്യത്തിന്റെ ഓഹരിക്കാരായി എന്നല്ല. ദൈവത്തിന്റെ കൃപയുടെ വ്യാപാരശക്തി അവരിൽ പ്രകടമായിരിക്കയാൽ കഷ്ടങ്ങളിലും പതറാതെ നിലനില്ക്കാൻ ദൈവം സഹായിച്ചതിനാൽ അവരെ ദൈവരാജ്യത്തിനു യോഗ്യരായിക്കാണുന്നു.

അങ്ങനെ അവരുടെ കഷ്ടങ്ങൾ ദൈവനാമത്തിന്റെ മഹിമയ്ക്കായിത്തീരുന്നു.

ക്രിസ്തുവിന്റെ നല്ല ഭടന്മാരായി അവർ കഷ്ടം സഹിച്ചു.

1:6-8 **<u>God's Justices ദൈവസന്നിധിയിൽ നീതി.</u>**

Genesis മുതൽ Revelation വരെ വേദപുസ്തകം വർണ്ണിക്കുന്നത് ദൈവനീതിയാണ്. ദൈവം നീതിപൂർവ്വം ശിക്ഷ വിധിക്കും.

തെസ്സലോലിയൻ സഭയെ പീഢിപ്പിച്ചവരെ ദൈവം ന്യായം വിധിക്കും.

Gal 6:7 (R) *ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്രവേഗത്തിൽ വേറൊരു സുവിശേഷത്തിലേക്കു മറിയുന്നതു കൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ.*

അതുപോലെതന്നെ പീഢ സഹിച്ചവരെ ദൈവം ആശ്വസിപ്പിക്കും. എപ്പോൾ? കർത്താവായ യേശു തന്റെ ദൂതരുമായി <u>അഗ്നിജ്വാലയിൽ</u> പ്രത്യക്ഷനാകുമ്പോൾ - അവൻ തന്റെ ന്യായവിധിയുടെ സിംഹാസനത്തിലിരിക്കും.

fleettech@gmail.com

www.gospelinmalayalam.com

**Psl 18:12** *അവന്റെ മുമ്പിലുള്ള പ്രകാശത്താൽ ആലിപ്പഴവും തീക്കനലും അവന്റെ മേഘങ്ങളിൽകൂടി പൊഴിഞ്ഞു.*

**Isa 30:27-30** *ഇതാ, കോപം ജ്വലിച്ചും കനത്ത പുക പുറപ്പെടുവിച്ചുംകൊണ്ടു യഹോവയുടെ നാമം ദൂരത്തുനിന്നു വരുന്നു; അവന്റെ അധരങ്ങളിൽ ഉഗ്രകോപം നിറഞ്ഞിരിക്കുന്നു; അവന്റെ നാവു ദഹിപ്പിക്കുന്ന തീപോലെയും ഇരിക്കുന്നു. ജാതികളെ നാശത്തിന്റെ അരിപ്പകൊണ്ടു അരിക്കേണ്ടതിന്നു അവന്റെ ശ്വാസം കവിഞ്ഞൊഴുകുന്നതും കഴുത്തോളം വെള്ളമുള്ളതും ആയ തോടുപോലെയും ജാതികളുടെ വായിൽ അവരെ തെറ്റിച്ചുകളയുന്ന ഒരു കടിഞ്ഞാണായും ഇരിക്കുന്നു. നിങ്ങൾ ഉത്സവാഘോഷരാത്രിയിൽ എന്നപോലെ പാട്ടുപാടുകയും യഹോവയുടെ പർവ്വതത്തിൽ യിസ്രായേലിൻ പാറയായവന്റെ അടുക്കൽ ചെല്ലേണ്ടതിന്നു കുഴലോടുകൂടെ പോകുംപോലെ ഹൃദയപൂർവ്വം സന്തോഷിക്കയും ചെയ്യും. യഹോവ തന്റെ മഹത്വമുള്ള മേഘനാദം കേൾപ്പിക്കയും ഉഗ്രകോപത്തോടും ദഹിപ്പിക്കുന്ന അഗ്നിജ്വാലയോടും കൊടുങ്കാറ്റു മഴക്കോൾ, കന്മഴ എന്നിവയോടും കൂടെ തന്റെ ഭുജത്തിന്റെ അവതരണം കാണിക്കയും ചെയ്യും.*

**Isa 66:15** *യഹോവ തന്റെ കോപത്തെ ഉഗ്രതയോടും തന്റെ ശാസനയെ അഗ്നിജ്വാലകളോടും കൂടെ നടത്തുവാൻ അഗ്നിയിൽ പ്രത്യക്ഷമാകും; അവന്റെ രഥങ്ങൾ ചുഴലിക്കാറ്റു പോലെയിരിക്കും.*

**Deut 7:1-10** *നീ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നിന്നെ കടത്തുകയും നിന്നെക്കാൾ പെരുപ്പവും ബലവുമുള്ള ജാതികളായ ഹിത്യർ, ഗിർഗ്ഗശ്യർ, അമോർയ്യർ, കനാന്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നീ ഏഴു മഹാജാതികളെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളകയും നിന്റെ ദൈവമായ യഹോവ അവരെ നിന്റെ കയ്യിൽ ഏല്പിക്കയും നീ അവരെ തോല്പിക്കയും ചെയ്യുമ്പോൾ അവരെ നിർമ്മൂലമാക്കിക്കളയേണം; അവരോടു ഉടമ്പടി ചെയ്കയോ കൃപ കാണിക്കയോ അരുതു. അവരുമായി വിവാഹസംബന്ധം ചെയ്യരുതു; നിന്റെ പുത്രിമാരെ അവരുടെ പുത്രന്മാർക്കു കൊടുക്കയോ അവരുടെ പുത്രിമാരെ നിന്റെ പുത്രന്മാർക്കു എടുക്കയോ ചെയ്യരുതു. അന്യദൈവങ്ങളെ സേവിപ്പാൻ തക്കവണ്ണം അവർ നിന്റെ പുത്രന്മാരെ എന്നോടു അകറ്റിക്കളയും; യഹോവയുടെ കോപം നിങ്ങൾക്കു വിരോധമായി ജ്വലിച്ചു നിങ്ങളെ വേഗത്തിൽ നശിപ്പിക്കും. ആകയാൽ നിങ്ങൾ അവരോടു ഇങ്ങനെ ചെയ്യേണം; അവരുടെ ബലിപീഠങ്ങൾ ഇടിക്കേണം; അവരുടെ ബിംബങ്ങളെ തകർക്കേണം; അവരുടെ അശേരപ്രതിഷ്ഠകളെ വെട്ടിക്കളയേണം; അവരുടെ വിഗ്രഹങ്ങളെ തീയിൽ ഇട്ടു ചുട്ടുകളയേണം. നിന്റെ ദൈവമായ യഹോവെക്കു നീ ഒരു വിശുദ്ധജനം ആകുന്നു; ഭൂതലത്തിലുള്ള സകലജാതികളിലുംവെച്ചു നിന്നെ തനിക്കു സ്വന്തജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ സംഖ്യയിൽ സകലജാതികളെക്കാളും പെരുപ്പമുള്ളവരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തിരഞ്ഞെടുത്തതു; നിങ്ങൾ സകലജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നതു. യഹോവ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടും നിങ്ങളുടെ പിതാക്കന്മാരോടു താൻ ചെയ്ത സത്യം പാലിക്കുന്നതുകൊണ്ടും അത്രേ*

fleettech@gmail.com

www.gospelinmalayalam.com

*യഹോവ നിങ്ങളെ ബലമുള്ള കയ്യാൽ പുറപ്പെടുവിച്ചു അടിമവീടായ മിസ്രയീമിലെ രാജാവായ ഫറവോന്റെ കയ്യിൽനിന്നു വീണ്ടെടുത്തതു. ആകയാൽ നിന്റെ ദൈവമായ യഹോവ തന്നേ ദൈവം; അവൻ തന്നേ സത്യദൈവം എന്നു നീ അറിയേണം: അവൻ തന്നെ സ്നേഹിച്ചു തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ നിയമവും ദയയും പാലിക്കുന്നു. തന്നെ പകെക്കുന്നവരെ നശിപ്പിപ്പാൻ അവർക്കു നേരിട്ടു പകരം കൊടുക്കുന്നു; തന്നെ പകെക്കുന്നവന്നു അവൻ താമസിയാതെ നേരിട്ടു പകരം കൊടുക്കും.*

ആരെല്ലാം ന്യായം വിധിക്കപ്പെടും.

**1.** ദൈവത്തെ അറിയാത്തവരെ.

Rom 1:18-32 *അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു. അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ. അതുകൊണ്ടു ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു; അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവികസ്ത്രീഭോഗം വിട്ടു അന്യോന്യം കാമം ജ്വലിച്ചു ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന്നു യോഗ്യമായ പ്രതിഫലം തങ്ങളിൽ തന്നേ പ്രാപിച്ചു. ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാഞ്ഞതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്!വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബ്ബുദ്ധിയും നിറഞ്ഞവർ; അസൂയ, കുല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ ഈ വക പ്രവൃത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള*

fleettech@gmail.com

www.gospelinmalayalam.com

*ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കയുംകൂടെ ചെയ്യുന്നു.*

**2.** സുവിശേഷത്തെ വിശ്വസിക്കാത്തവരെ.

John 3:36 *പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു.*

ദൈവം നീതിയുള്ള ന്യായാധിപതി തന്നെ

1:9,10 Everlasting punishment for rejection of God's grace. ദുഷ്ടരുടെ ന്യായവിധി ഒരിക്കലും താൽക്കാലികമായതല്ല. അത് ഒറ്റയടിക്കു തീരുന്നതുമല്ല, throughout eternity ഈ punishment continue ചെയ്യും. അവർ conscious ഉം ആയിരിക്കും. ഹാ എത്രയോ ഭീകരമായ അവസ്ഥ.

Eternal life X Eternal death

ഇതെങ്ങനെ?

(A) Separation from presence of God. കർത്താവിന്റെ സന്നിധാനം വിട്ടകന്ന് ഇരിയ്ക്കും. ദൈവത്തിന്റെ സാന്നിധ്യമാണ് സ്വർഗ്ഗത്തെ സ്വർഗ്ഗമാക്കുന്നത്.

Christian hope is to be with the Lord always. എന്നാൽ നിത്യനാശം എന്നെന്നേക്കുമായി ദൈവസന്നിധി വിട്ടകലുക എന്നതാണ്.

Rom 1:18 *അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു.*

Rom 2:5-9 *എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു. അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ടു തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കു നിത്യജീവനും, ശാഠ്യം പൂണ്ടു സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്കു കോപവും ക്രോധവും കൊടുക്കും. തിന്മ പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിന്നും കഷ്ടവും സങ്കടവും ആദ്യം യെഹൂദന്നും പിന്നെ യവനന്നും വരും.*

Rom 6:21 *നിങ്ങൾക്കു അന്നു എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതു തന്നേ. അതിന്റെ അവസാനം മരണമല്ലയോ.*

Phil 3:19 *അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറു; ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു.*

1Thes 1:10 *വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും.*

fleettech@gmail.com

www.gospelinmalayalam.com

1Thes 4:17 *പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.*

(B) അവന്റെ വല്ലഭത്വത്തോകൂടിയ മഹത്വം വിട്ടകന്ന് **Majesty of his power.**

Rev 19:11-16 *അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന്നു വിശ്വസ്തനും സത്യവാനും എന്നും പേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണു അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവന്നുണ്ടു; അതു അവന്നല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു; അവന്നു ദൈവവചനം എന്നു പേർ പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമ്മലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ചു വെള്ളക്കുതിരപ്പുറത്തു കയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്നു മൂർച്ചയുള്ളവാൾ പുറപ്പെടുന്നു; അവൻ ഇരിമ്പുകോൽ കൊണ്ടു അവരെ മേയക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്കു അവൻ മെതിക്കുന്നു. രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു.*

ദൈവപൈതൽ ഈ മഹത്വമേറിയ splender നേരിൽ കാണും. അവിശ്വാസി ഇതു കാണുകയില്ല.

Rapture ൽ ന്യായവിധിയില്ല. ഇവിടെ പറയുന്ന ന്യായവിധി മഹത്വപ്രത്യക്ഷ തയിലാണ്. എന്നാൽ കർത്താവായ യേശുക്രിസ്തു തന്റെ മഹിമയോടെ വിശുദ്ധരുമായി ഭൂമിയിലേക്ക് എഴുന്നള്ളുമ്പോൾ അവൻ തന്റെ ന്യായാസനത്തിൽ ഇരിക്കും.

He will judge living Jews and living gentiles.

Math 24: 31-46 *അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുംകൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും. അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നേ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ. ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല. ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും ജലപ്രളയത്തിന്നു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയനാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും*

fleettech@gmail.com

www.gospelinmalayalam.com

*പോന്നു; ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും. അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും, മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരിക്കല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും, മറ്റവളെ ഉപേക്ഷിക്കും. നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്ക കൊണ്ടു ഉണർന്നിരിപ്പിൻ. കള്ളൻ വരുന്നയാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ. എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്കു തത്സമയത്തു ഭക്ഷണം കൊടുക്കേണ്ടതിന്നു അവരുടെ മേൽ ആക്കിവെച്ച വിശ്വസ്തനും ബുദ്ധിമാനും ആയ ദാസൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തു കാണുന്ന ദാസൻ ഭാഗ്യവാൻ.*

**അതിശയ വിഷയം Marvel**

തന്റെ വിശുദ്ധരിൽ കർത്താവിന്റെ തേജസ്സ് പ്രതിബിംബിക്കുന്ന നാൾ വരുന്നു. കർത്താവിന്റെ തേജസ്സ് തന്നെ അതിശയ വിഷയം. എന്നാൽ ആ തേജസ്സ് തന്നിൽ വിശ്വസിച്ച തന്റെ ഭക്തരിൽ പ്രതിബിംബിക്കുന്നത് അതിലും അതിശയ വിഷയമായിരിക്കും. എല്ലാ വിശ്വാസികളും അത്ഭുത പരതന്ത്രരാകും. ഭൂമിയിൽ ജീവനോടെ ശേഷിക്കുന്നവർ അത്ഭുതപ്പെടും. അത്രക്കും ശ്രേഷ്ഠമായ പദവി കർത്താവ് തന്റെ വിശ്വാസികൾക്കു കൊടുക്കുന്ന നാൾ വരുന്നു.

### 1:11-12 PRAYER FOR SUCCESS

(A) Worthy of the calling: വിളിക്കു യോഗ്യരായി ജീവിക്കുക.

Rom 3:30 *ദൈവം ഏകനല്ലോ; അവൻ വിശ്വാസംമൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിക്കുന്നു.*

Eph 4:1 *കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം*

1Thes 4:7 *ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിന്നത്രേ വിളിച്ചതു.*

Christians do not live worthly inorder to obtain salvation but, because they have been granted salvation.

ആ target നു worthy ആയി നാം ജീവിക്കണം.

(B) ദൈവനാമത്തിന്റെ മഹത്വത്തിനായി – ദൈവനാമം അവരിൽ മഹത്വീകരിക്കപ്പെടുന്നു.

fleettech@gmail.com